# ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്

**ആറ്റുകാൽ, തിരുവനന്തപുരം-9**

നമ്പർ.ഇ3/8374/2024/എബിറ്റിറ്റി/ 97    തീയതി : 04.01.2025

## ടെണ്ടർ പരസ്യം

## കുറ്റി വെടിവഴിപാട്

ആറ്റുകാൽ ഭഗവതിക്ഷേത്രത്തിൽ 1-4-2025 മുതൽ 31-3-2026 വരെ ഒരു വർഷ കാലയളവിലേയ്ക്ക് ഒരു വർഷ കാലയളവിലേയ്ക്ക് കുറ്റി വെടിവഴിപാട് നടത്തുന്നതിനുള്ള അവകാശത്തിന് മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെൻഡറുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന ഫാറത്തിൽ പൂരിപ്പിച്ച് 15.01.2025 ബുധനാഴ്ച വൈകുന്നേരം 3.00 മണിക്ക് മുമ്പായി ട്രസ്റ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതും 16.01.2025 വ്യാഴാഴ്ച വൈകുന്നേരം 4.30ന് സന്നിഹിതരായിരിക്കുന്ന ടെൻഡറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.

### ടെൻഡർ യോഗ്യത

1. എക്സ്പ്ലോസീവ് ചട്ടങ്ങൾ പ്രകാരം സ്വന്തം പേരിൽ എക്സ്പ്ലോസീവ് (ഗൺപൗഡർ) 15 (പതിനഞ്ച്) കിലോഗ്രാമിൽ കുറയാതെ നിർമ്മിക്കുന്നതിനുള്ള ലൈസൻസ്.
2. ഷോട്ട് ഫയറേഴ്സ് സർട്ടിഫിക്കറ്റ്
3. ലൈസൻസ് ലഭിച്ചതിനുശേഷം ഏറ്റവും കുറഞ്ഞത് 10 വർഷം മേജർ ക്ഷേത്രങ്ങളിൽ വെടിവഴിപാട് നടത്തിയിട്ടുള്ള മുൻ പരിചയവും അതു തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പും.
4. പത്തുലക്ഷം രൂപയുടെ സ്വന്തം പേരിലുള്ള സോൾവൻസി സർട്ടിഫിക്കറ്റ് / ബാങ്ക് ഗ്യാരന്റി, ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി ഹാജരാക്കേണ്ടതാണ്.
5. മുമ്പ് വെടിവഴിപാട് നടത്തിയിട്ടുള്ള സ്ഥലത്ത് യാതൊരു ബാദ്ധ്യതയുമില്ലെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

### *ടെൻഡർ നിബന്ധനകൾ*

1. നിരതദ്രവ്യതുകയായ 5,00,000 രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും സെക്രട്ടറി, ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്, തിരുവനന്തപുരം എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് വാങ്ങി ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്. കവറിനു മുകളിൽ വ്യക്തമായി ഇന്ന കോൺട്രാക്റ്റിനുള്ള ടെൻഡർ എന്നെഴുതുകയും ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ പേരും മേൽവിലാസവും കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ടെൻഡറിനോടൊപ്പം ചേർത്തിരിക്കുന്ന ടെൻഡർ ഫാറം പൂരിപ്പിച്ച് ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്.
2. (എ) ഒറ്റവെടി – 10 രൂപ
   (ബി) ഇരട്ടവെടി – 20 രൂപ
   (സി) കതിനാ വെടി – 15 രൂപ
   എന്നീ നിരക്കുകൾ മാത്രമേ ഭക്തജനങ്ങളിൽ നിന്ന് വെടിവഴിപാടിന് ഈടാക്കുവാൻ പാടുള്ളു.
3. ക്ഷേത്രത്തിൽ നടതുറക്കുന്ന സമയങ്ങളിലും വിശേഷാൽ പൂജകൾ നടക്കുന്ന സമയങ്ങളിലും കീഴ്പതിവനുസരിച്ച് വെടിവഴിപാട് നടത്തേണ്ടതാണ്. ആയതിന് ട്രസ്റ്റിൽ നിന്നും യാതൊരു പ്രതിഫലവും നൽകുന്നതല്ല.
4. വെടിവഴിപാടിന്റെ റേറ്റുകൾ രേഖപ്പെടുത്തിയ ബോർഡ് ഭക്തജനങ്ങൾക്ക് കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.
5. വെടി വഴിപാട് ട്രസ്റ്റ് നിശ്ചയിക്കുന്ന സ്ഥലത്തു വച്ചു മാത്രമേ നടത്താൻ പാടുള്ളു.
6. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി നിശ്ചിത വ്യവസ്ഥകൾ ഉൾപ്പെടുത്തി ടെൻഡർ തുകയുടെ 15% (പതിനഞ്ച് ശതമാനം) സെക്യൂരിറ്റി തുകയായി ഒടുക്കി 200/- രൂപയുടെ മുദ്രപത്രത്തിൽ രണ്ടു ഫോട്ടോ സഹിതം നിശ്ചിത കരാർ ഒപ്പിട്ട് ട്രസ്റ്റ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്. സർക്കാർ അനുശാസിക്കുന്ന എല്ലാ നികുതികളും ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.
7. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന ടെൻഡറുകാരൻ ടെൻഡർ തുകയുടെ നാലിലൊന്നു തുക ടെൻഡർ സ്ഥിരപ്പെടുത്തിയ ഓർഡർ ലഭിച്ച ഉടനെ തന്നെ ട്രസ്റ്റ് ഓഫീസിൽ ഒടുക്കേണ്ടതും ബാക്കി തുക മൂന്നു തുല്യ ഗഡുക്കളായി യഥാക്രമം 30.06.2025, 30.09.2025, 31.12.2025 എന്നീ

8. ടെൻഡർ കാലയളവിൽ യാതൊരു കാരണവശാലും നിരക്കുകൾ വർദ്ധിപ്പിക്കുന്നതല്ല
9. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി/സ്ഥാപനം ഈ അവകാശം യാതൊരു കാരണവശാലും മറ്റൊരാൾക്ക് കൈമാറുവാൻ പാടുള്ളതല്ല.
10. കരാർ ലംഘനം നടത്തിയതായി കാണുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദുചെയ്യുന്നതുൾപ്പെടെയുള്ള മേൽനടപടികൾ സ്വീകരിക്കുന്നതിന് ട്രസ്റ്റ് സെക്രട്ടറിക്ക് പൂർണ്ണ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.
11. ടെൻഡർ കാരണം പറയാതെ നിരസിക്കുന്നതിനും, ടെൻഡർ സമയത്തിൽ മാറ്റം വരുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം ട്രസ്റ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.
12. മുമ്പ് വഴിപാട് നടത്തിയിട്ടുള്ള സ്ഥലത്തു യാതൊരു ബാദ്ധ്യതയും ഇല്ലെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
13. ടെൻഡർ സംബന്ധിച്ചുള്ള എല്ലാ പൊതുനിയമങ്ങളും ട്രസ്റ്റ് നിയമങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.

സെക്രട്ടറി
ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്